➩ ശക്തമായ സമരത്തെ തുടർന്ന് ഒരു ക്രഷർ യൂണിറ്റിന്റെ ലൈസൻസ് പഞ്ചായത്ത് റദ്ദാക്കി ➩

# ക്വാറി മാഫിയക്കെതിരെ ചാത്തല്ലൂരിൽ സമരം ശക്തമാകുന്നു

നീതു ദാസ്

വികസനത്തിന്റെ പേരിൽ സ്വൈര്യ ജീവിതം നശിപ്പിക്കുന്ന തരത്തിലുള്ള കടന്നുകയറ്റത്തെ ജനങ്ങൾ കയ്യുംകെട്ടിനോക്കിനിൽക്കുന്ന കാലം കഴിഞ്ഞിരിക്കുന്നു എന്നാണ് മലപ്പുറം ജില്ലയിലെ ചാത്തല്ലൂരിൽ നടക്കുന്ന ക്വാറി വരുന്നതിനെതിരായ ജനകീയ പ്രതിരോധം ഓർമ്മിപ്പിക്കുന്നത്. ഇനിയൊരു പ്രതിഷേധ സമരത്തിന് ഇട നൽകാതിരിക്കാനാണ് ഇവർ ഈ പ്രതിരോധം തീർത്തുകൊണ്ടിരിക്കുന്നത്. ചേക്കുന്നിമല, കുട്ടാളൻ മല, മഞ്ചേരിമണ്ണ് മല എന്നീ മലകൾക്കും ചാലിയാർ പുഴക്കും നടുവിലാണ് പശ്ചിമഘട്ടത്തിന്റെ തുടർച്ചയായ ചാത്തല്ലൂർ പ്രദേശം. കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമാണ് നാട്ടുകാരുടെ മുഖ്യ ജീവിതമാർഗം. നിലവിൽ ബിസ്മി, മുബാറക്, അൽസജ് എന്നീ മൂന്ന് ക്വാറികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പി. എം.ആർ ഗ്രാനൈറ്റ്സിന് കൂടി പ്രവർത്തിക്കാൻ പഞ്ചായത്ത് അനുമതി നൽകിയതോടെയാണ് അത് റദ്ദാക്കാതെ പിന്മാറില്ലെന്ന സമരം ശക്തിപ്പെട്ടിരിക്കുന്നത്. കിഴക്കേ ചാത്തല്ലൂർ നിവാസികളുടെ ശക്തമായ സമരത്തെ തുടർന്ന് ഒരു ക്രഷർ യൂണിറ്റിന്റെ ലൈസൻസ് പഞ്ചായത്ത് റദ്ദാക്കി.

രണ്ടര വർഷം മുമ്പ് ആശുപത്രിയും കോളജും തുടങ്ങാനെന്ന് പറഞ്ഞാണ് ഊർങ്ങാട്ടിരി പഞ്ചായത്തിലെതും എടവണ്ണ പഞ്ചായത്തിലെതുമായ ഭൂമി പലരും വാങ്ങിക്കൂട്ടിയത്. ഈ ഭൂമിയിലെ 116 ഏക്കറിൽ ക്വാറി-ക്രഷർ യൂണിറ്റ് തുടങ്ങാനാണ് 2014 മെയ് മാസത്തിൽ പി.എം.ആർ ഗ്രാനൈറ്റ്സിന് ഊർങ്ങാട്ടിരി പഞ്ചായത്തിന്റെ ലൈസൻസ് ലഭിച്ചത്. ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്ന് അനുമതി ലഭിച്ചതിനാൽ, അബ്ദുൾ ഷുക്കൂറിന്റെ ഉടമസ്ഥതയിലുള്ള ക്വാറി- ക്രഷർ യൂണിറ്റിന് ലൈസൻസിന് അർഹതയുണ്ടെന്ന ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിച്ചതൊണ് പഞ്ചായത്തിന്റെ പക്ഷം. എന്നാൽ ഒരു സർക്കാർ ഉദ്യോഗസ്ഥനും നാട്ടുകാരായ തങ്ങളുടെയടുത്ത് അന്വേഷണവുമായി എത്തിയിട്ടില്ലെന്ന് അവർ ആരോപിക്കുന്നു. പ്രവർത്തനം തുടങ്ങുതിന് മുമ്പെ തന്നെ പി.എം.ആർ ഗ്രാനൈറ്റ്സിന്റെ പേരിൽ വാങ്ങിക്കുട്ടിയ ഭൂമിയെ വേർതിരിച്ചുകൊണ്ടും പുറമെ നിന്നുള്ള കാഴ്ച മറിച്ചു കൊണ്ടും ഒരു മതിൽ അവിടെ ഉയർന്നു. രണ്ട് കിലോമീറ്റർ പരിധിയിലുള്ള നാല് ക്വാറികൾ കൊണ്ടു തന്നെ ബുദ്ധിമുട്ടുകയായിരുന്ന പരിസരവാസികളിൽ ഇത് സംശയത്തിന് ഇട നൽകി. നിലവിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ പരിസരത്ത് താമസിക്കുന്നവരുടെ ആരോഗ്യപ്രശ്നങ്ങൾ ഇനിയൊരെണ്ണം കൂടി താങ്ങേണ്ടതില്ലെന്ന് തീരുമാനിക്കാൻ നാട്ടുകാർക്ക് പ്രേരണയായി. ക്വാറിയും ക്രഷർ യൂണിറ്റും മാത്രമല്ല എംസാന്റ് പ്ലാന്റും ടാർമിക്സിങ് യൂണിറ്റും ഇതിനകത്ത് തുടങ്ങാൻ പദ്ധതിയുണ്ടെന്ന് അവർ പറയുന്നു. മഞ്ചേരിയിലെ മങ്കടയിൽ ടാർമിക്സിങ് യൂണിറ്റ് തുടങ്ങാനുള്ള ശ്രമത്തിൽ നിന്ന് ജനങ്ങളുടെ ശക്തമായ പ്രതിരോധത്താൽ പിന്മാറേണ്ടി വന്ന കമ്പനിയാണ് പി.എം.ആർ എന്നത് നാട്ടുകാരുടെ സംശയത്തിന് ശക്തി പകരുന്നു. ശ്വാസകോശ രോഗങ്ങളും, ക്യാൻസറും വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ജില്ലയായ മലപ്പുറത്തെ എടവണ്ണ പഞ്ചായത്തിൽ തന്നെ 12 ക്രഷർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

രണ്ടുമാസം മുമ്പ് മതിൽകെട്ടിനകത്തേക്ക് മെഷീനുകൾ എത്തിത്തുടങ്ങിയതോടെ പ്രതിരോധവുമായി അഞ്ഞൂറോളം നാട്ടുകാർ രംഗത്തെത്തി. മെഷീനുമായെത്തിയ വാഹനങ്ങൾ ആദ്യം പിന്മാറിയെങ്കിലും അതിനടുത്ത ദിവസം പൊലീസ് സുരക്ഷയോടുകൂടിയാണ് വാഹനങ്ങൾ അകത്തേക്ക് കയറിയത്. എതിർത്തുകൊണ്ട് വഴിമുടക്കി നിന്ന നാട്ടുകാരിൽ മുന്നൂറോളം പേർ അറസ്റ്റിലായി. അവരെ പൊലീസ് സ്റ്റേഷനിൽ രാത്രിവരെ പിടിച്ചു വെക്കുകയും ചെയ്തു. അന്നു തന്നെ പി.എം.ആർ ഗ്രാനൈറ്റ്സിന്റെ മതിലുകൾ തകർക്കപ്പെട്ടിരുന്നു. അടുത്ത ദിവസം മതിലു തകർത്ത് അതിക്രമിച്ചു കയറി എന്ന പേരിൽ നാട്ടുകാരായ പതിനാലു പേർക്കെതിരെ പൊലീസ് കേസെടുത്തു. വധശ്രമത്തിനുള്ള വകുപ്പും ഇവർക്കെതിരെ ചുമത്തി. മതിൽ പൊളിക്കുന്ന സിസിടിവി ദൃശ്യമാണ് പൊലീസിന്റെ കൈയ്യിലെ തെളിവ്. രാത്രിയിലെ സിസിടിവി ദൃശ്യമുപയോഗിച്ച് ആളുകളെ തിരിച്ചറിഞ്ഞതെങ്ങനെയൊണ് നാട്ടുകാരുടെ ചോദ്യം. കള്ളക്കേസ് പേടിച്ച് നാട്ടിലെ അമ്പതോളം പേർ രണ്ടാഴ്ചക്കാലം ഒളിവിലായിരുന്നു. എന്നാൽ നാളിതുവരെ ഒരു എഫ്.ഐ.ആർ പോലും തയ്യാറായിട്ടില്ല.

മയിലാടൻപാറ ആദിവാസി കോളനി, ഓടങ്ങപാറ ആദിവാസി കോളനി, ചോലാർമല ആദിവാസി കോളനി എന്നിവിടങ്ങളിലടക്കം നൂറ്റി ഇരുപതോളം ആദിവാസികൾ ചാത്തല്ലൂരിലുണ്ട്. ചെക്കുന്നിമലയിൽ താമസിക്കുന്ന ആദിവാസികളെ നാടുമായി ബന്ധിപ്പിച്ചിരുന്ന വഴി ക്രഷർ യൂണിറ്റ് തുടങ്ങാനിരിക്കുന്ന ഭൂമിക്കുള്ളിലാണ് ഇപ്പോൾ. വഴി അവർ പൂർണമായും അടച്ചു. കുന്നിൽ നിന്ന് ഊർന്നിറങ്ങി താഴേക്കെത്തിയിരുന്ന നീർച്ചോലയെ തടഞ്ഞുവെച്ച് മതിൽക്കെട്ടിനുള്ളിൽ ശേഖരിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. പൊതുവഴിക്കും നീർച്ചോലയ്ക്കും മേൽ അന്നാട്ടുകാർക്ക് അവകാശമില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ് ക്വാറി മാഫിയ. ആരാണ് ഇതിനെല്ലാം അധികാരം നൽകിയതെന്ന നാട്ടുകാരുടെ ചോദ്യങ്ങൾക്ക് മുന്നിൽ ഇപ്പോഴും ഉത്തരമില്ലാതെ നിൽക്കുകയാണ് അധികാരികൾ. ■